**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6683** **11-11-2021 - ൽ മറുപടിയ്ക്ക്**

**കെ.എസ്.ആർ.ടി.സി.ബസുകളെ പരിഷ്കരിക്കുന്നത് സംബന്ധിച്ച്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. പി. മമ്മിക്കുട്ടി** | | **Shri Antony Raju<br>(ഗതാഗത വകുപ്പ് മന്ത്രി)** | |
| (എ) | കെ.എസ്.ആർ.ടി.സി.യെ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇന്ധന ഉപഭോഗം കുറച്ച് അന്തരീക്ഷ മലിനീകരണം ഒഴിവാക്കാനുതകുമാറ് പുതിയ ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനായി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. KIIFB ധനസഹായത്തോടെ 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുള്ള ടെണ്ടർ നടപടി ക്രമങ്ങൾ അന്തിമഘട്ടത്തിലാണ്. |
| (ബി) | പൊതുഗതാഗതം മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുന്ന പശ്ചാത്തലത്തിൽ കെ.എസ്.ആർ.ടി.സി. ബസ്സുകളെ പരിഷ്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് വിശദാംശങ്ങൾ നൽകാമോ? | (ബി) | KSRTC ബസ്സുകളെ പരിഷ്കരിക്കുന്നതിന്റെ ഭാഗമായി 400 ഡീസൽ ബസ്സുകൾ LNGയിലേക്ക് പരിവർത്തനം ചെയ്യുന്നതിനു വേണ്ടിയുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചു വരികയാണ്. 2021-22ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ പ്രാരംഭഘട്ടമായി 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.യിലേക്ക് പരിവർത്തനം ചെയ്യുന്നതിനായി വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. പുതുതായി 460 ബസുകൾ വാങ്ങുന്നതിനുള്ള നടപടി അന്തിമഘട്ടത്തിലാണ്. ഇതിൽ 100 ഡീസൽ ബസുകൾ (A/C Seater Bus – 20 Nos., AC Sleeper Bus – 8 Nos., Non AC Air Bus – 72 Nos.) എന്നിവയുടെ വിതരണ ഉത്തരവ് നൽകിയിട്ടുള്ളതാണ്. 310 CNG, 50 Electric Bus എന്നിവയുടെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു. |

സെക്ഷൻ ഓഫീസർ